പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1985 26-10-2026-ൽ മറുപടിയ്ക്ക്

വാമനപുരം നിയോജകമണ്ഡലത്തിലെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളുടെയും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളുടെയും പ്രവർത്തനം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ — **മറുപടി നൽകിയ മന്ത്രി**

ശ്രീ. സുധീർഷാ പാലോട് — ശ്രീ. കെ. മുരളീധരൻ (ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ സർക്കാർ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലും ആവശ്യത്തിന് ഡോക്ടർമാരെയും മറ്റ് ജീവനക്കാരെയും നിയമിക്കുകയും ആവശ്യമായ മരുന്നുകൾ വർഷം മുഴുവൻ ലഭ്യമാക്കുകയും ചെയ്യുന്നതിനായി സർക്കാർ പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തരമായി നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

മറുപടി: വാമനപുരം നിയോജകമണ്ഡലത്തിലെ സർക്കാർ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലും നിലവിൽ ആവശ്യത്തിന് ജീവനക്കാരും അവശ്യ മരുന്നുകളും ലഭ്യമാണ്.

(ബി) കല്ലറ-തറട്ട പി.എച്ച്.സി.-യെ എഫ്.എച്ച്.സി. ആയി ഉയർത്തിയിട്ടും പഴയ സ്റ്റാഫ് പാറ്റേൺ തന്നെയാണ് തുടരുന്നത് എന്ന സാഹചര്യം പരിഗണിച്ച്, എഫ്.എച്ച്.സി.-യുടെ പ്രവർത്തനത്തിന് ആവശ്യമായ പുതിയ തസ്തികകൾ സൃഷ്ടിച്ച് സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

മറുപടി: 06.11.2008 ലെ GO(MS) No. 568/2008/H&FWD പ്രകാരം കല്ലറ പി എച്ച്.സി.യെ സി.എച്ച്.സി ആയി ഉയർത്തിയിരുന്നു. ജോലി ഭാരം, കാഷ്വാലിറ്റി/അടിയന്തര വിഭാഗങ്ങളിലെ രോഗികളുടെ എണ്ണം, ഒ .പി./ഐ.പി. രോഗികളുടെ എണ്ണം, ബെഡ് ശേഷി, പ്രവർത്തിക്കുന്ന സ്പെഷ്യാലിറ്റി വിഭാഗങ്ങൾ, നിലവിലെ അംഗീകൃത സ്ഥിരം തസ്തികകൾ, ജീവനക്കാരുടെ കുറവ് എന്നിവ ഉൾപ്പെടുത്തി നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരം ഗ്യാപ് അനാലിസി സ് നടത്തി, ആവശ്യകതക്കനുസരിച്ചാണ് അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത്. ഇപ്രകാരം പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

സെക്ഷൻ ഓഫീസർ